**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4552** **19-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്,മുണ്ടക്കയം,എരുമേലി എന്നീ പഞ്ചായത്തുകളിൽ വന്യമൃഗശല്യം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ വന മേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളിലെ ഹൈറേഞ്ച് സർക്കിളിന് കീഴിൽ വരുന്ന ഭാഗങ്ങളായ കൊപ്പം - മാങ്ങാപേട്ട, പാണനിലാവ് - എരുത്വാപ്പുഴ, എരുത്വാപ്പുഴ - എലിവാലിക്കര, എലിവാലിക്കര - കൊപ്പം, കാളകെട്ടി - കീരിത്തോട്, കീരിത്തോട് - എലിവാലിക്കര, മാങ്ങാപേട്ട - 504 കോളനി, 504 കോളനി - കാരിശ്ശേരി, പാണപിലാവ് - എരുത്വാപ്പുഴ, 2016 തേക്ക് തോട്ടം, 2015 തേക്ക് തോട്ടം, കണ്ടങ്കയം - പത്തേക്കർ - മൈനാക്കുളം, കൊമ്പുകുത്തി സെറ്റിൽമെൻറ് എന്നീ പ്രദേശങ്ങളിൽ ആകെ 63.8 കി.മീ. ദൂരത്തിൽ നിലവിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ കണ്ണാട്ടുകവല വരെ 500 മീ. നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് നബാർഡ് ബഡ്ജറ്റ് ഹെഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നതാണ്. മതമ്പ - ചേന്നാപ്പാറ ഭാഗത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങളുടെ ഭീതി മാറ്റുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി മാനദണ്ഡങ്ങൾക്ക് അനുസൃതമായി കൂട് സ്ഥാപിക്കുകയും ജീവനക്കാർ നിരീക്ഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കണ്ടങ്കയം പ്രദേശവാസികളുടെ ജനജാഗ്രതാ സമിതി വിളിച്ചുകൂട്ടുകയും തദ്ദേശവാസികളുടെ സഹകരണത്തോടെ അടിക്കാട്ടുകൾ തെളിച്ച് 10 മീറ്റർ വിസ്തൃതിയിൽ വിസ്റ്റാ ക്ലിയറിംഗ് നടത്തിയിട്ടുള്ളതാണ്. ജനങ്ങൾക്ക് ശല്യമുണ്ടാക്കിയിരുന്ന 24 കാട്ടുപന്നികളെ സർക്കാർ ഉത്തരവിന് വിധേയമായി |

| | | | |
|---|---|---|---|
| | | | വെടിവെച്ച് കൊന്നിട്ടുള്ളതാണ്. വനം വകുപ്പ് ജീവനക്കാരും വാച്ചർമാരും പകൽ രാത്രികാല പട്രോളിംഗ് ടി ഭാഗങ്ങളിൽ നടത്തി വരുന്നുണ്ട്. കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന്റെ അധികാര പരിധിയിൽപ്പെടുന്ന പെരിയാർ വെസ്റ്റ് ഡിവിഷനു കീഴിലുള്ള പമ്പ, അഴുത എന്നീ റെയിഞ്ചിനു കീഴിലുള്ള മേഖലകളിൽ വന്യജീവി സംഘർഷം മൂലം കൃഷിനാശവും, ജീവനും, സ്വത്തിനും, നാശം വരുത്തുന്നത് തടയുന്നതിനായി സോളാർ വേലി, ട്രഞ്ച് എന്നിവ സ്ഥാപിച്ച് പൂർണ്ണമായും സംരക്ഷണം ഉറപ്പുവരുത്തിയിട്ടുള്ളതാണ്. സോളാർ വേലിയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ലൈൻമാൻമാരെ നിയോഗിച്ചിട്ടുണ്ട്. പെരിയാർ വെസ്റ്റ് ഡിവിഷന് കീഴിൽ രൂപീകരിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനവും കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നു. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ കിടങ്ങ്, സോളാർവേലി, ജൈവവേലി തുടങ്ങിയ മൾട്ടി ഫെൻസിങ് സമ്പ്രദായം ഉപയോഗിച്ച് വനഭൂമിയും കൃഷി ഭൂമിയും പൂർണമായും വേർതിരിച്ച് വന്യമൃഗങ്ങൾ കൃഷി ഭൂമിയിലേക്ക് കടന്ന് കൃഷി , ജീവൻ, സ്വത്ത് എന്നിവക്ക് നാശവും വരുത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | (ബി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഹൈറേഞ്ച് സർക്കിളിന്റെ പരിധിയിൽ വരുന്ന വന മേഖലയുമായി അതിർത്തി പങ്കിടുന്നതും വന്യജീവി ആക്രമണം രൂക്ഷമായതുമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കിടങ്ങ്, സോളാർവേലി എന്നിവയുടെ പരിപാലനത്തിലൂടെ വന്യമൃഗങ്ങൾ കൃഷി ഭൂമിയിലേയ്ക്ക് കടന്ന് കൃഷിക്കും ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന്റെ അധികാര പരിധിയിൽപ്പെടുന്ന പെരിയാർ വെസ്റ്റ് ഡിവിഷനുമായി ചേർന്ന് കിടക്കുന്നതും പൂഞ്ഞാർ മണ്ഡലത്തിൽപ്പെടുന്ന വനമേഖലയുമായി അതിർത്തി പങ്കിടുന്ന എരുമേലി പഞ്ചായത്തിൽപ്പെടുന്നതുമായ പമ്പാവാലി മേഖലകളിൽ വന്യജീവി സംഘർഷം മൂലം കൃഷിനാശവും ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിനായി 21.68 കി.മീ. സോളാർ വേലിയും 11.09 മീറ്റർ ട്രഞ്ചും സ്ഥാപിച്ച് വനഭൂമിയും കൃഷിഭൂമിയും വേർതിരിച്ച് വന്യമഗങ്ങൾ കൃഷിഭൂമിയിലേയ്ക്ക് കടന്ന് കൃഷി, ജീവൻ, സ്വത്ത് എന്നിവയ്ക്ക് നാശം വരുത്തുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. |
| (സി) | വന്യമൃഗശല്യം മൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ മാനദണ്ഡം പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരം കാലവിളംബം കൂടാതെ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വന്യജീവികളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുള്ളത് 08.01.2015-ലെ സ.ഉ.(കൈ) നം. 02/2015/വനം ഉത്തരവ് പ്രകാരമാണ്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് സർക്കാരിലേയ്ക്ക് സമർപ്പിച്ച ശുപാർശ പരിശോധിച്ചുവരികയാണ് |

സെക്ഷൻ ഓഫീസർ